Santhigiri

ഗുരുവാണി

"ഏറ്റവും നല്ലത് ഗുരുമാർഗ്ഗമാണ്. ലക്ഷക്കണക്കിനു വർഷം നിലനിൽക്കുന്ന ഒരു സാംസ്കാരിക പാരമ്പര്യം ഉണ്ടാക്കിയെടുക്കാൻ ഗുരുമാർഗ്ഗത്തിനു കഴിയും. "

# ഉമ്മിണിതങ്കം

VOL 05 | ISSUE 04 | 2019 ജനുവരി 27 | 1194 മകരം 13

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

# പൂജിതപീഠം സമർപ്പണം

## സത്സംഗങ്ങൾ ജനുവരി 31ന് തുടങ്ങും

### പൂജിതപീഠം സമർപ്പണം സങ്കല്പം

എന്റെ കുടുംബത്തോടെയുള്ള ദോഷവശങ്ങളും എന്റെ കർമ്മഗതിയിൽപ്പെട്ട ദോഷവശങ്ങളും മാറ്റി എന്തു നന്മയാണോ കിട്ടേണ്ടത് കിട്ടണേ ഗുരുവേ അപ്പാ.



പൂജിതപീഠം സമർപ്പണം വാർഷികാഘോഷത്തോടനുബന്ധിച്ച് നടക്കുന്ന പുഷ്പസമർപ്പണം

**സ്പിരിച്വൽ സോൺ:** പൂജിതപീഠം സമർപ്പണം വാർഷികാഘോഷത്തോടനുബന്ധിച്ച് ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘം ആശ്രമപരിസരത്തുള്ള 12 യൂണിറ്റുകളിലും സംഘടിപ്പിക്കുന്ന സത്സംഗങ്ങൾക്ക് ജനുവരി 31 മുതൽ തുടക്കമാകും. 'പൂജിതപീഠം ദൈവനീതിയുടെ സുകൃത പുണ്യം' എന്ന വിഷയത്തെ ആസ്പദമാക്കിയാണ് സത്സംഗങ്ങൾ സംഘടിപ്പിച്ചിരിക്കുന്നത്. ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി മുഖ്യപ്രഭാഷണം നടത്തും.

ജനുവരി 31 വ്യാഴാഴ്ച ആനന്ദപുരം യൂണിറ്റിലാണ് ആദ്യ സത്സംഗം. 4ന് ശാന്തിഗിരി ജംഗ്ഷനിലും 5ന് പോത്തൻകോടും 7ന് ശാന്തിപുരത്തും 8ന് കരുണപുരത്തും സത്സംഗം നടക്കും. ജനസേവികപുരത്തെ സത്സംഗം ഫെബ്രുവരി 11നാണ്. ഫെബ്രുവരി 12ന് രത്നഗിരി, 13ന് ലക്ഷ്മിപുരം, 14ന് പാലോട്ടുകോണം, 16ന് ജ്യോതിപുരം, 18ന് കാഞ്ഞാംപാറ 20ന് സ്നേഹപുരം എന്നീ യൂണിറ്റുകളിൽ സത്സംഗം നടക്കും. സത്സംഗങ്ങളിൽ സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി ആമുഖപ്രഭാഷണം നടത്തും. 'സ്മൃതിപഥത്തിലെ മധുരസ്മരണകൾ' എന്ന ഗുരുവാണിയിൽ നിന്നുള്ള ഭാഗം വായിക്കും. അനുഭവസ്മരണകളും കലാപരിപാടികളും ഉണ്ടാകും.

സത്സംഗങ്ങളുടെ മുന്നോടിയായി ഗൃഹസ്ഥാശ്രമസംഘം യൂണിറ്റുകളിൽ മീറ്റിംഗ് നടന്നു. സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി, ഗവേണിംഗ് കമ്മിറ്റി ചുമതലക്കാരായ പി.പി. ബാബു, കെ. സുഭാഷ്ചന്ദ്രൻ, എം.പി.പ്രമോദ് തുടങ്ങിയവർ നേതൃത്വം നൽകി. സത്സംഗങ്ങളുടെ നടത്തിപ്പിനായി വിവിധ കമ്മിറ്റികളും യൂണിറ്റ് തലങ്ങളിൽ രൂപീകരിച്ചിട്ടുണ്ട്. ഫെബ്രുവരി 17ന് രാവിലെ വിഭവസമാഹരണവും വൈകുന്നേരം 4 മണിമുതൽ പരിസരശുചീകരണവും ഗൃഹസ്ഥാശ്രമസംഘത്തിന്റെ ആഭിമുഖ്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.



ശാന്തിഗിരിയുടെ പ്രവർത്തനങ്ങൾ ജപ്പാനിൽ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം സ്വാമി ഗുരുരത്നം ജ്ഞാനത പസ്വിയും ടോമോയുകി ടകേടായും ചേർന്ന് ഒപ്പുവെച്ചപ്പോൾ

## ശാന്തിഗിരിയുടെ ആതുരസേവനപ്രവർത്തനങ്ങൾ ജപ്പാനിലും : ധാരണാപത്രം ഒപ്പുവെച്ചു

**സ്പിരിച്വൽ സോൺ:** ശാന്തിഗിരിയുടെ ആതുരസേവനപ്രവർത്തനരംഗം ജപ്പാനിലേക്ക് വ്യാപിപ്പിക്കുന്നതിന് ധാരണയായി. ജപ്പാനിലെ ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്ന ഡോ.റിസല്ല കമ്പനിയുമായാണ് ധാരണാപത്രം ഒപ്പുവെച്ചത്. ജനുവരി 25ന് ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിയും ഡോ.റിസല്ല കമ്പനി ഓവർസീസ് ഡയറക്ടർ ടോമോയുകി ടകേടായും ചേർന്നാണ് ധാരണാപത്രത്തിൽ ഒപ്പുവച്ചത്. ആദ്യഘട്ടമായി ശാന്തിഗിരി ആയുർവേദ സിദ്ധ ആശുപത്രികൾ ജപ്പാനിൽ ആരംഭിക്കും. ചടങ്ങിൽ സ്വാമി ജനനന്മ ജ്ഞാനതപസ്വി, സ്വാമി വത്സലൻ ജ്ഞാനതപസ്വി, ജപ്പാനിലെ ഗുരുസുബ്രാ കമ്പനി സി.ഇ.ഒ. ഗോപാലപിള്ള സുബ്രഹ്മണ്യം, യോഷികാ, കനോക, കെ.എം ധീരജ്, ദർശിൽ ഭട്ട്, അഞ്ജന പുത്രൻ എന്നിവർ പങ്കെടുത്തു. ആശ്രമസന്ദർശനസമയത്ത് താമരപർണ്ണശാലയുടെ ആത്മീയപ്രഭാവത്തിൽ ആകൃഷ്ടരായ ജപ്പാൻ സംഘം ശാന്തിഗിരിയുടെ ആശയപ്രചരണത്തിനുള്ള സഹായങ്ങളും വാഗ്ദാനം ചെയ്തു.

## ഭാഷയ്ക്കൊരു ഡോളർ പുരസ്ക്കാരം ഡോ. സ്വപ്ന ശ്രീനിവാസന്

**തിരുവനന്തപുരം:** കേരള സർവകലാശാലയും അമേരിക്കൻ മലയാളി സംഘടനകളുടെ ഫെഡറേഷനായ ഫൊക്കാനയും സംയുക്തമായി നൽകുന്ന ഭാഷയ്ക്കൊരു ഡോളർ പുരസ്ക്കാരം ഡോ. സ്വപ്ന ശ്രീനിവാസന്. കേരളത്തിലെ സർവകലാശാലകളിൽ പി.എച്ച്.ഡി. ബിരുദത്തിന് അർഹമായ മലയാള പ്രബന്ധങ്ങളിൽ ഏറ്റവും മികച്ചതിനാണ് പുരസ്ക്കാരം നൽകുന്നത്. 50,000 രൂപയും പ്രശസ്തിപത്രവും ഫലകവും അടങ്ങുന്നതാണ് അവാർഡ്. തിരുവനന്തപുരം ഗവ. വിമെൻസ് കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. സ്വപ്ന മഹാത്മാഗാന്ധി സർവകലാശാലയിൽ നിന്ന് 'പട്ടത്തുവിളക്കഥകളിലെ സംസ്ക്കാര രാഷ്ട്രീയം' എന്ന വിഷയത്തിലാണ് പി.എച്ച്.ഡി. നേടിയത്. ജനസേവികപുരം ശാന്തിമുത്തിൽ ടി.ബി.ലാലിന്റെ (മലയാള മനോരമ തിരുവനന്തപുരം സീനിയർ റിപ്പോർട്ടർ) ഭാര്യയാണ്. 29ന് വൈകിട്ട് 3ന് തിരുവനന്തപുരം മാസ്ക്കറ്റ് ഹോട്ടലിൽ നടക്കുന്ന ചടങ്ങിൽ മന്ത്രി കെ. ടി. ജലീൽ പുരസ്ക്കാരദാനം നടത്തും.



ഡോ. സ്വപ്ന ശ്രീനിവാസൻ

# ഗുരുവാണി

ഇന്നു ഹിന്ദുമതം എന്നു പറയുന്നതെന്താണ്? അധഃപതിക്കാൻ പറ്റിയ എല്ലാ മാർഗങ്ങളും ഇന്നിതിലുണ്ട്. ഇതിലെ അധഃപതിക്കുന്ന അംശങ്ങളെ എങ്ങനെ വലിച്ചു കീറണം? നമ്മുടെ അവകാശങ്ങളെ വലിച്ചുകീറി ഒരു വേലിക്കെട്ടിനുള്ളിൽ നിർത്തി, അക്ഷരാഭ്യാസം ചെയ്യാനനുവദിക്കാതെ സംസ്കാരശൂന്യരാക്കിയ ഒരു പരമ്പരയാണത്. ഇങ്ങനെ തുടർന്നാൽ സ്ഥിതിയെന്താണ്? നമ്മൾ ആരെ, നമ്മളെ ആര് ഭരിക്കണം? ഇതു ചിന്തിക്കാൻ നമമുക്കവകാശം ഇല്ലായിരുന്നു എന്നല്ലേ ഇതിനർത്ഥം. പിതൃത്വമില്ലാതെ രാശി മാറിനിന്നപ്പോൾ ജനിച്ച കുട്ടികൾ അഹങ്കരിച്ച് പരസ്പരം അടിച്ചു നശിച്ച് കേട്ടാൽ അറയ്ക്കുന്ന ചരിത്രമുള്ളവരായി മാറി. ഇതുകണ്ടു മടുത്ത ബുദ്ധൻ പഞ്ചശീലം ഉപദേശിച്ചു. ഏകോദരസഹോദരങ്ങളെപ്പോലെ കഴിയാൻ ഉപദേശിച്ചു. രണ്ടായിരത്തിയഞ്ഞൂറ് വർഷം മുമ്പദ്ദേഹം പറഞ്ഞു. നിങ്ങൾ മുൻഗാമികളെ നോക്കണ്ട, 'ബുദ്ധം ശരണം ഗച്ഛാമി' ദൈവത്തിന് നമുക്കൊന്നും കൊടുക്കാനില്ല. നമുക്കു തരാനെയുള്ളൂ. ബുദ്ധൻ വീട്ടിലിരുന്നു ഭരണകൂടമെന്തെന്ന് പഠിച്ചു. മൗനിയായിരുന്നപ്പോൾ അതിനുപാധിയായി വിവാഹം കഴിപ്പിച്ചു. യുദ്ധം ചെയ്യാൻ കഴിയാത്തതിനാൽ ഒളിച്ചുപോയി തപസ്സുചെയ്തു. അപ്പോൾ ദൈവത്തിൽ (പ്രകാശത്തിൽ) നിന്ന് വാക്കുകിട്ടി. രാജർഷിയായതുകൊണ്ട് അദ്ദേഹത്തിനുകിട്ടിയ വാക്കിനെ രാജാക്കന്മാരും പ്രജകളും അനുസരിച്ചു. അതുമുന്നേറിയപ്പോൾ ഒന്നും മനസ്സിലാക്കാത്ത ജനങ്ങൾ ബുദ്ധ വിഹാരങ്ങളിൽ നീചവും നിന്ദ്യവുമായ പ്രവൃത്തികൾ ചെയ്തു. ബ്രാഹ്മണർ അതൊരു സൗകര്യമായി കാത്തിരുന്നു. അനുയായികളെ ഭാരതത്തിൽ നിന്നുതന്നെ തുരത്തി. ചിലർ സിലോണിലേക്ക് ഓടിയൊളിച്ചു. ബുദ്ധവിഹാരങ്ങളിൽ അവശേഷിച്ച സകലരെയും അടിച്ചുകൊന്നു. ഈശ്വര ഭജനയ്ക്കു പകരം പൂരപ്പാട്ടുണ്ടാക്കിയത് അതിന്റെ ബാക്കിയാണ്. അതിനു മുണ്ടായിരുന്നു സ്തുതിപാഠകർ, ബുദ്ധവിഹാരങ്ങളെ ദേവീ ക്ഷേത്രങ്ങളാക്കാനും.

ബ്രാഹ്മണർ ബുദ്ധിപൂർവ്വം വീണ്ടുംവൈദികം കൊണ്ടുവന്നു. ഇതിനിടെ ശങ്കരാചാര്യർ വന്ന് അദ്വൈതം ഉപദേശിച്ചു. ശാസ്ത്രവും വേദവും അറിഞ്ഞു കൂടാത്തതുകൊണ്ടുള്ള കെടുതിയാണ് സംഭവിച്ചിരിക്കുന്നതെന്നു പറഞ്ഞു. അതിനു നാലു മഠങ്ങൾ സ്ഥാപിച്ച് അവിടെ ആചാര്യന്മാരെ വച്ചു. അവിടെയും വൈദികൻ വന്നിട്ട്, മറ്റാർക്കും പ്രവേശനം കൊടുക്കാതെ സംന്യാസം ബ്രാഹ്മണർക്കുമാത്രമായി കയ്യടക്കി. അങ്ങനെ നാം ഒന്നുമില്ലാത്ത പാവങ്ങളായി.

കാലത്തിന്റെ വൈഭവംകൊണ്ട് ഇന്നു നാം സ്വതന്ത്രരായി. മുസ്ലീങ്ങളും ക്രിസ്ത്യാനികളും കച്ചവടത്തിനുവന്ന് ഇവിടത്തെ തെമ്മാടിത്തവും വെട്ടും കുത്തും കണ്ട് കഥ പറഞ്ഞ് അടുത്ത്, പണം കൊടുത്തു വശത്താക്കി ഭരണം പിടിച്ചെടുത്തു. അവർ ചക്രവർത്തിവരെയായി. അവരുടെ ഭരണത്തിലൂടെ അക്ഷരാഭ്യാസവും കുറെ സംസ്കാരവും പകർന്നു.

പിന്നീടു നാം സ്വാതന്ത്ര്യത്തിനുവേണ്ടി നിലവിളിച്ചു. സ്വാതന്ത്ര്യം നേടി. പക്ഷേ നാം എന്തു നേടി? എന്താണിന്നത്തെ സ്വാതന്ത്ര്യം? നാം എന്തെങ്കിലും നേടിയോ? ഇല്ല. നാം ഒന്നും നേടിയില്ല. നാമിന്ന് സ്വീകരിച്ചിരിക്കുന്നത് പാശ്ചാത്യസംസ്കാരമാണോ, അതോ രണ്ടിന്റെയും സങ്കരമാണോ? ഇവിടെ എല്ലാം വിളഞ്ഞു. ഇവിടെയുള്ള ക്രിസ്ത്യാനികളും ഇവിടെയുള്ള മുസ്ലീമും എല്ലാം ഹിന്ദു തന്നെയാണ്. അവർ യൂറോപ്പിൽ നിന്നും അറേബ്യയിൽ നിന്നും ഒന്നും വന്നവരല്ല. യൂറോപ്പിലും അറേബ്യയിലും ചെന്ന് പിതൃത്വമെടുക്കാൻ പറ്റില്ലല്ലോ. നില്ക്കക്കള്ളിയില്ലാതായപ്പോൾ മതം മാറി. അത്രതന്നെ. എല്ലാവരും സഹോദരങ്ങളാണ്. എന്റെ അമ്മാവൻ പത്തുപേരെ കൊന്നിട്ടുണ്ട് എന്ന അഹന്തയും വലിമ പറച്ചിലും കൊണ്ടുള്ള പാപശക്തിയല്ലാതെ ഇന്നു ഹിന്ദുവിനെന്താണുള്ളത്? ഈ നിലയിൽ പുണ്യം നശിച്ച് തെണ്ടിത്തിരിഞ്ഞ പിള്ളേർക്ക് ഇവിടെ ജീവിക്കാൻ വഴിയില്ലാതായി. അല്പം ജീവിക്കാമെന്നായാൽ അടുത്ത വീട്ടുകാരനോട് മിണ്ടാൻ കഴിയാത്ത ഗർവ്വം അവനെ പിടികൂടും. ഈ സംസ്കാരം മാറ്റാൻ ഇനി എന്തു വേണം?

ഇതാണു നിങ്ങളുടെ മുൻചരിത്രം.നിങ്ങളിത് ഉറക്കെ ചിന്തിക്കണം. ഇതിനെ മാറ്റാൻ പല മഹാന്മാരും ശ്രമിച്ചിട്ടുണ്ട്. ഒന്നും കഴിയാതിരിക്കുകയാണ്. നാളെ നാം എന്തായിരിക്കുമെന്നൊരു തീർപ്പുവേണം. നിങ്ങൾക്ക് ഈ ആശയത്തെ എങ്ങനെ സ്വീകരിക്കാം. അങ്ങനെ മഹാത്മാക്കളുടെ യത്നം എങ്ങനെ സഫലമാക്കാം. അതാണ് ഇനി പറയാൻ പോകുന്നത്.

## വചനദീപ്തി

*ഈശ്വരൻ ഒരു ഗുരുവിന്റെ രൂപമെടുത്ത് ഭക്തന്റെ*
*മുൻപിൽ വന്ന് ആത്മതത്വം ബോധിപ്പിക്കുകയും*
*തന്റെ സംഗം കൊണ്ട് അവന്റെ ചിത്തം ശുദ്ധമാക്കുകയും*
*ചെയ്യുന്നു. ഭക്തന്റെ ചിത്തം ഇതോടെ പക്വപ്പെട്ട്*
*അന്തർമുഖമാകാൻ കരുത്ത് നേടുന്നു.*

- **ശ്രീരമണ മഹർഷി** -

### നവപൂജിത സമർപ്പണ വാർഷികം

2019 ജനുവരി 30, ബുധൻ

### സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

02.02.2019 – ജ്യോതിപുരം

### യാമപ്രാർത്ഥന

2019 ജനുവരി 31, വ്യാഴം 06.00 pm – 09.00 pm



# ജീവിതകർമം കൊണ്ട് ദൈവത്തോടടുക്കുക

നമുക്കിപ്പോൾ മനസ്സിലോർമയുണ്ട്, ഒരു സങ്കല്പമുണ്ട്, നമ്മുടെ ദോഷവശങ്ങളും നമ്മുടെ കർമത്തിൽപ്പെട്ട ദോഷവശങ്ങളും ദൈവനിശ്ചയമനുസരിച്ച് പറഞ്ഞതും അറിഞ്ഞതും അറിഞ്ഞുകൂടാത്തതുമായ എല്ലാ കാര്യങ്ങളും മാറ്റിയിട്ട് എന്താണോ ഈ ലോകത്തിന് ശാന്തി തരുന്നത് എന്ന ഭാഗത്തേക്കാണ് നമ്മുടെ കാഴ്ച. ഗുരു ബാഹ്യരൂപത്തിൽ ഇരിക്കുകയും നമ്മൾ പ്രാർത്ഥിക്കുമ്പോൾ ചിലർക്ക് പ്രകാശത്തിൽ നിന്നും പ്രകാശരൂപമായി നിൽക്കുന്ന ഗുരുരൂപത്തെ കാണാനാവുന്നതും അവനവന്റെ ഭക്തിക്കും ലയനത്തിനും സാന്ദ്രമായി വരുമ്പോഴുണ്ടാകുന്ന അവസ്ഥയാണ്. ഗുരുവിനെ പല ഭാവനാരൂപത്തിൽ ഭക്തിയിൽ നമ്മൾ കാണും. ആ ഭക്തി നമ്മുടെ ഹൃദയാങ്കണത്തിലേക്ക് ചേർത്തുവെച്ചിട്ട് എന്റെ ഗുരു ഇന്നതാണ്, എന്റെ ഗുരു ഇന്നയിന്ന ജീവിതങ്ങളൊക്കെ നയിച്ചിരുന്നു, നമ്മളെവിടെയൊക്കെയോ പോയി തിരിച്ചു വന്നവരാണ്, ഏതെല്ലാമോ നൂലാമാലകളിൽപ്പെട്ട വാസനകളാൽ ഗുരുവിന്റെ അടുത്തു വന്നു. അങ്ങിനെ ഭാവനകൾ സാക്ഷാത്കരിച്ച് ആത്മീയജീവിതത്തിന്റെ വഴിത്തിരിവിലേക്കു പോവുകയാണ്. ആശ്രമത്തിന്റെ ചിട്ടകളും ക്ഷേത്രത്തിന്റെ ചിട്ടകളും ഇന്നുകാണുന്ന ലോകത്തിന്റെ വ്യാപകമായ കാര്യങ്ങളും നമുക്കറിയാതെയിരിക്കും. മറിച്ച് നമ്മൾ കർമങ്ങളഴിച്ച് തിരിച്ചു പോകുന്ന ഒരു രംഗമുണ്ട്.

അടിസ്ഥാനപരമായ ഗുരുവിന്റെ സന്ദേശം എന്താണ്? കലിയുഗത്തിന്റെ സനാതനസ്വഭാവത്തിന്റെ അടിസ്ഥാനമായ കാര്യങ്ങളെന്താണ്? എന്താണിതിന്റെ അർത്ഥം? ഗുരു ആരാണ്? ഗുരുവിനെ എന്തിനുവേണ്ടി ബ്രഹ്മം കൊണ്ടുവന്നു? എങ്ങനെയാണ് ഗുരുവിനെ കൊണ്ടുവന്നിരിക്കുന്നത്? ഈ ജന്മത്തിൽ ഗുരു ആരാണ്? എന്താണ്? എന്താണ് നമ്മളുമായി പങ്കുവെച്ച രംഗങ്ങൾ? ഒരു നിമിഷമെങ്കിലും ഒരു നേരമെങ്കിലും ഓർമ്മിക്കാത്തവരായി ആരും കാണില്ല. സങ്കല്പത്തിന്റെ ഫലം മറ്റൊന്നാണ്. ഗുരുസ്നേഹത്തിന്റെ വലിപ്പത്തിൽ നമ്മളൊരുമിച്ചിരുന്നു സങ്കല്പം ചൊല്ലുന്നു. ഇന്നുകൊണ്ട് നമ്മുടെ ഈ സങ്കല്പം നിർത്തിയെന്ന് വിചാരിക്കരുത്. ഇനിയും ശക്തിയായി സങ്കല്പം ചെയ്യണം. അത് ഗുരു അറിയിക്കുന്നതുപോലെ ചെയ്യണം. അങ്ങനെ ചെയ്തിട്ട് എന്താണ് ഓരോരുത്തർക്കുമുള്ള അനുഭവം? ആ അനുഭവരംഗത്ത് ചില ഗൃഹസ്ഥാശ്രമികൾക്കും , ചില വ്യക്തികൾക്കും (ദൂരെ നിന്ന് വന്നവർക്കായാലും ഇവിടെ അടുത്തുള്ളവർക്കായാലും ആദ്യമായിട്ട് വന്ന ഒരു വ്യക്തിയായാലും) അവന്റെ ജീവിതപുണ്യം കൊണ്ടും അവന്റെ ആത്മസാക്ഷാത്ക്കാരസ്വഭാവത്തിൽ എവിടെയോ ഗുരു നിന്നു പ്രവർത്തിക്കുന്ന രംഗങ്ങൾ കാണാൻ കഴിയും. ഇതു നമ്മൾ മനസ്സിലാക്കിയിട്ട് സങ്കല്പം മനസ്സിലോർമ്മിച്ച് ശക്തമായിട്ടു ചെയ്യണം. സങ്കല്പത്തിന്റെ രീതി മറ്റൊരു രീതിയാണ്. അത് അർത്ഥമായിട്ടു പറയാൻ കഴിയുകയില്ല. അതുകൊണ്ട് അത് മനസ്സിനകത്ത് വിചാരിച്ചിട്ട് എന്റെ ദോഷവശങ്ങൾ മാറണം. എനിക്കെന്ത് നന്മയാണോ കിട്ടേണ്ടത് അത് കിട്ടേണ്ട സ്ഥാനത്ത് കിട്ടണം. എന്റെ ഗുരുവേ, അപ്പാ, ദൈവമേ, പരബ്രഹ്മമേ....

നമ്മുടെ മനസ്സിന്റെ ഏറ്റവും വലിയ ദുഷിച്ച സ്വഭാവം മാറണം. സകല ഗുലുമാലുകളും അടക്കപ്പെട്ടതാണ് നമ്മുടെ ഈ ശരീരവും ജീവനും. നന്മകളും തിന്മകളും ചിലപ്പോൾ കാണുമായിരിക്കാം. പക്ഷെ ആനന്ദയെ ഉയർത്താൻ നമുക്കു കഴിയണം.അങ്ങനെയുള്ള ഭാവനയിൽ ഞാൻ നല്ലതേ ചെയ്യൂ, നല്ലതേ പ്രവർത്തിക്കൂ എന്ന വഴിയിലും സങ്കല്പത്തിലും ഗുരുവിന്റെ സ്വന്തം മക്കളാകാൻ നാം ശ്രമിക്കണം.അല്ലാതെ 'ഗുരുവിനെ പ്രാർത്ഥിച്ചിട്ട് അന്യന്റെ സ്വത്താകാൻ' നാം ഒരിക്കലും ശ്രമിക്കരുത്. നമ്മുടെ സമ്പത്ത് ഗുരുവിന്റെ ആശയവും ഗുരുവിന്റെ മനസ്സും ഗുരുവിങ്കൽ ദേഹവും എല്ലാമാണെന്ന് വിചാരിച്ചിട്ട് നാം ഈ സങ്കല്പം ശക്തിയായി ചെയ്തെടുക്കണം.

( **'ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ'** അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന് )

# സത്യാവിഷ്കാരം, അതിൽ കലയുടെ പ്രസക്തി

ഇരുൾ അജ്ഞാനം, ഭയം എന്നിവയോടു ഗാഢബന്ധം പുലർത്തുന്നു. പ്രകാശം ജ്ഞാനോദയമായും വിനയത്തിൽ ജ്വലിക്കുന്ന ധൈര്യമായും അനുഭവപ്പെടുന്നു. പ്രകാശഗോളങ്ങളുടെ ഭ്രമണസംക്രമണങ്ങളിലൂടെ ചലിക്കുകയാണു കാലം. അതിൽ നിയുക്ത ഗോളങ്ങളുടെ പ്രകാശസൗന്ദര്യത്തിൽ ഭൂമി സമാശ്വാസത്തിന്റെ ആശ്ലേഷത്തിലമർന്നു മുന്നോട്ടു പോകുന്നു. രാവുകളും പകലുകളും രചിച്ചു മുന്നേറുന്ന കാലം അതിന്റെ അർദ്ധഭാഗം ഇരുളിൽ പൊതിഞ്ഞുവയ്ക്കുന്നു.

ഇരുളിലും വെളിച്ചം ആവശ്യപ്പെടുന്ന ഒരു ഭാവമുണ്ട്, മനുഷ്യ മനസ്സിൽയ അതു വാസനാജന്യമാണ്. ദൈവകാരുണ്യത്താൽ സ്ഫുരിക്കുന്ന പ്രകാശമാണ് ഓരോ ജീവനും ആയി പ്രതിഭാസിക്കുന്നത്. ആകയാൽ ആ പ്രകാശകാരുണ്യത്തോടു സ്നേഹാഭിമുഖ്യം തോന്നുക സ്വാഭാവികമാണ്. പ്രകാശം തേടുന്ന ഒരു തീർത്ഥയാത്രയായി ജീവിതത്തെ കല്പന ചെയ്യാവുന്നതാണ്. ഏതോ വിശുദ്ധമുഹൂർത്തത്തിൽ ദീപം എന്ന പ്രതിഭാസം കടന്നുവന്നു. അഗ്നിനാളം ജ്വലിപ്പിച്ചു നിർത്താൻ ഒരു ഉപകരണമായി ദീപം ആവിഷ്കൃതമായി. അങ്ങനെ ദീപം വെളിച്ചത്തിനു പര്യായവുമായി. പ്രകാശവസ്തുവിൽ നിന്ന് ആവിർഭവിച്ചതാണ് എല്ലാ വെളിച്ചവും. അതിനാൽ വിളക്കിനു വിശുദ്ധിയുടെ പരികല്പന ലഭിച്ചു. നൻമയുടെ വഴിയിൽ, കാലത്തിനിണങ്ങിയ ആശയങ്ങളുടെ പ്രകാശം ജ്വലിപ്പിക്കുന്ന കെടാവിളക്കുകളും വഴിവിളക്കുകളും കാലത്തിന്റെ ഗതിക്കനുസരിച്ചു ദൈവദത്തമായി. അങ്ങനെയുള്ള ആശയദീപങ്ങളാണ് ആചാര്യൻമാർ. ഒരു ദീപത്തിൽ നിന്നും അനേകം ദീപങ്ങളിലേക്ക് വെളിച്ചം പകർന്നു നൽകുന്നതുപോലെ ആചാര്യന്മാർ ശിഷ്യന്മാരിലേക്ക് അറിവു പകർന്നു നൽകുന്നു. നിലവിളക്കുകൾ മുതൽ പല വലിപ്പത്തിലും വിളക്കുകൾ ഉണ്ട്. ആയിരം ദീപങ്ങളുടെ ഒരുമിച്ചുള്ള ദീപ്തിയെ പ്രകാശഗോപുരങ്ങളെന്ന് ആലങ്കാരികമായി വിശേഷിപ്പിക്കാറുണ്ട്. എല്ലാ വെളിച്ചങ്ങൾക്കും നിദാനമായ വെളിച്ചമാണ് എല്ലാ അന്വേഷണങ്ങളുടെയും അന്തിമലക്ഷ്യം.

'മാതാ പിതാ ഗുരു ദൈവം' എന്ന മഹിമയേറിയ ആശയവചനം ഇതിനെ സൂചിപ്പിക്കുക മാത്രമല്ല ഇതിന്റെ പ്രാധാന്യത്തെ ഉൾവഹിക്കുകയും ചെയ്യുന്നു. ഗുണാതീതവും നിരാകാരവുമായ പ്രകാശവസ്തുവായി ഗുരുവിനെ വിശേഷിപ്പിക്കുന്ന ഗുരുഗീതാവചനങ്ങളിൽ ഇരുളിനെ നിരോധിക്കുന്ന, തുടച്ചുനീക്കുന്ന, പ്രകാശമായും ഗുരുവിനെ വർണ്ണിക്കുന്നു. അപ്രകാരമുള്ള ഗുരുവിന്റെ സ്നേഹനിറവിൽ വളരുന്ന ശാന്തിഗിരിപരമ്പരക്ക് ആ നിലയ്ക്കുള്ള വലിയ കർത്തവ്യങ്ങളുണ്ട്. ഗുരുവിന്റെ വാക്കുകൾ അനുസരിച്ച് ജീവിക്കുകയും ഉലകത്തിനു മാതൃക കാട്ടുകയും ചെയ്തുകൊണ്ട് ആ കർത്തവ്യങ്ങൾ നിറവേറ്റപ്പെടണം. സർവസ്വവും ഗുരുവിങ്കൽ സമർപ്പിച്ച് സർവം ഗുരുവെന്നു നിനച്ച്, ജീവിക്കാനാവുമെങ്കിൽ ആ ശിഷ്യൻ ഉത്തമശിഷ്യനെന്ന് ഉറപ്പിക്കണം. ഗുരുശിഷ്യബന്ധത്തിന്റെ നൻമ ഉണർത്താനും പുലർത്താനും ഉത്തമശിഷ്യന്മാർ ധാരാളം ഉണ്ടാവണം.

## മൗലാന ഷാ ക്വാദ്രി ജിലാനി ആശ്രമം സന്ദർശിച്ചു

**സ്പിരിച്വൽ സോൺ:** പ്രമുഖ ഇസ്ലാമിക ആത്മീയ പണ്ഡിതനും ആൾ ഇന്ത്യ മുസ്ലീം പേഴ്സണൽ ലോ ബോർഡിന്റെ സ്ഥാപകാംഗവുമായ ഹസ്രത് മൗലാന ഷാ ക്വാദ്രി സയ്യദ് മുസ്തഫ റൊഫായി ജിലാനി ജനുവരി 20ന് ശാന്തിഗിരി ആശ്രമം സന്ദർശിച്ചു. പ്രശസ്ത മനുഷ്യാവകാശ പ്രവർത്തകനും ആശ്രമത്തിന്റെ അഭ്യുദയകാംക്ഷിയുമായ ഉബൈസ് സൈനിലാബ്ദീന്റെ ക്ഷണമനുസരിച്ചാണ് മൗലാന ഷാ ക്വാദ്രി ജിലാനി അദ്ദേഹത്തോടൊപ്പം ആശ്രമത്തിലെത്തിയത്. കേശവദാസപുരം പള്ളി മുഖ്യ ഇമാം പാനിപ്ര ഇബ്രാഹിം മൗലവി, ഫിറോസ് ഖാൻ, മുഹമ്മദ് ഷാഫി, സുജിത് കുമാർ, കൗസർ ആലം, മുഹ്സിൻ എസ്. ഉബൈസ് എന്നിവരും കൂടെയുണ്ടായിരുന്നു. ഗുരുവിനെക്കുറിച്ചും ആശയധാരകളെക്കുറിച്ചും ആശ്രമം ഡയറക്ടർ സ്വാമി നവനന്മ ജ്ഞാനതപസ്വി സന്ദർശകരോട് വിശദീകരിച്ചു. സനാതനധർമ്മത്തെക്കുറിച്ചും ആർഷഭാരത പാരമ്പര്യത്തെക്കുറിച്ചും സ്വാമി പ്രതിപാദിച്ചു.

ഗ്ലോബൽ പീസ്, ജസ്റ്റിസ് ആൻഡ് ഹ്യൂമാനിറ്റി എന്ന ദർശനത്തെ അടിസ്ഥാനമാക്കി കഴിഞ്ഞ മൂന്ന് പതിറ്റാണ്ടായി പ്രവർത്തനരംഗത്തുള്ള സംഘടനയാണ് ഉബൈസ് സൈനിലാബ്ദീൻ പീസ് ഫൗണ്ടേഷൻ (USPF). ലോകമെമ്പാടുമുള്ള മനുഷ്യസ്നേഹികളെ ജാതിമതഭേദമില്ലാതെ ഒരുമിപ്പിക്കുക എന്ന ആശയത്തെ മുൻനിർത്തിയാണ് സംഘം ആശ്രമം സന്ദർശിച്ചത്. ആശ്രമത്തിലെ സന്ദർശനം മറക്കാനാവാത്ത



*മൗലാന ഷാ ക്വാദ്രി ജിലാനി ആശ്രമം സന്ദർശിച്ചപ്പോൾ*

അനുഭവമായിരുന്നുവെന്നും കയറ്റുപായ വിരിച്ച വീഥികളിലൂടെ നടന്ന് കണ്ടും കേട്ടും ഗുരു പകർന്ന ദർശനങ്ങളെ കൂടുതൽ അടുത്തറിഞ്ഞ ഒരു ദിനമായിരുന്നുവെന്നും ഗുരുവാണികളിലൂടെ വലിയ അറിവ് ലഭിച്ചുവെന്നും സംഘാംഗങ്ങൾ അറിയിച്ചു.

കുറച്ച് കാലം മുൻപ് സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി അവതരിപ്പിച്ച സ്നേഹത്തിന്റെ പാഥേയം എന്ന പരിപാടിയാണ് തന്നെ ശാന്തിഗിരിയുമായി കൂടുതൽ അടുപ്പിച്ചതെന്നും മാനവിക മൈത്രിയുടെ സന്ദേശം പകരുന്നതിൽ സ്വാമി എടുക്കുന്ന മുൻകൈ അതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ടെന്നും ആ അടുപ്പമാണ് ഗുരുവിന്റെ ദർശനം തന്റെ ആത്മീയ ഗുരുവായ മൗലാന ഷാ ക്വാദ്രി ജിലാനി തനിക്ക് പകർന്ന് തന്നത് തന്നെയാണെന്ന തിരിച്ചറിവിലേക്ക് നയിച്ചതെന്നും ഉബൈസ് സൈനിലാബ്ദീൻ പറഞ്ഞു. ഫൗണ്ടേഷന് കൂടുതൽ ഉൾക്കാഴ്ചയോടെ മുന്നോട്ട് പോകാൻ കരുത്ത് നൽകിയ സന്ദർശനമായിരുന്നുവെന്നും മനുഷ്യർ വരച്ച അതിർത്തികളുടെ പേരിൽ മനുഷ്യത്വം തന്നെ നിഷേധിക്കപ്പെടുന്ന അഭയാർത്ഥികൾക്കൊപ്പം തങ്ങൾ നിലകൊള്ളുന്നതിന് ഊർജം നൽകുന്ന അനുഭവങ്ങളാണ് ശാന്തിഗിരി എന്നും സമ്മാനിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

തിരികെ മടങ്ങവേ ഗുരുവിന്റെ മാനവിക ദർശനത്തിൽ ആകൃഷ്ടനായ ഇസ്ലാമിക കർമശാസ്ത്ര പണ്ഡിതൻ മൗലാന ഷാ ക്വാദ്രി ജിലാനി ശാന്തിഗിരിയുടേതുപോലുള്ള ഉൾക്കാമ്പുള്ള ദർശനങ്ങളെ പങ്കുവയ്ക്കാനും ഉൾക്കൊള്ളുവാനും പ്രചരിപ്പിക്കുവാനുമുള്ള വേദിയായിരിക്കണം USPF എന്ന് അഭിപ്രായപ്പെട്ടു.

## അനുസ്മരണം നടന്നു

**പാലോട്ടുകോണം:** ജനുവരി 20ന് ദിവംഗതനായ സ്നേഹപുരം നന്മ മന്ദിരത്തിൽ രാഘവൻ വി.യുടെ അനുസ്മരണാർത്ഥം സംസ്കാരചടങ്ങുകൾക്ക് ശേഷം സമ്മേളനം സംഘടിപ്പിച്ചു. ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി അനുസ്മരണ പ്രഭാഷണം നടത്തി. ചില വ്യക്തിത്വങ്ങൾ നിശ്ശബ്ദരായി ജീവിച്ച് അനുരണനങ്ങൾ അവരുടെ മക്കളിലൂടെ പ്രാവർത്തികമാക്കുന്നുവെന്നും താൻ വിശ്വസിക്കുന്ന ആശയത്തിനോട് കൂറുപുലർത്താൻ മകനെ ഗുരുവിനായി സമർപ്പിച്ച ശ്രേഷ്ഠവ്യക്തിത്വമാണ് രാഘവൻ വി.യെന്നും സ്വാമി അനുസ്മരിച്ചു. ഇടതുപക്ഷ ചായ്വ് പുലർത്തി ജീവിതം നയിച്ച് ആ ആശയത്തിന്റെ നന്മ ശാന്തിഗിരിയിൽ കണ്ടെത്തി പ്രസ്ഥാനവുമായി അടുക്കുകയായിരുന്നു




*രാഘവൻ വി. അനുസ്മരണ യോഗത്തിൽ നിന്ന്*

അദ്ദേഹം. ആകാശം പോലെ വലിയ മനസ്സുള്ള ആളായിരിക്കണം അച്ഛനെന്ന ഗുരുവചനത്തെ അന്വർത്ഥമാക്കിയ ജീവിതമായിരുന്നു രാഘവൻ വി.യുടേതെന്ന് സ്വാമി കൂട്ടിച്ചേർത്തു. ചടങ്ങിൽ പോത്തൻകോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. വേണുഗോപാലൻ നായർ അദ്ധ്യക്ഷനായിരുന്നു. മാണിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. സുജാത, ബി.ജെ.പി. ജില്ലാസെക്രട്ടറി എം.ബാലമുരളി, എസ്.കുമാർ, ആർ.കെ നാണു മാസ്റ്റർ, എം.പി.പ്രമോദ്, പഞ്ചായത്തംഗങ്ങളായ ആർ. സഹീറത്ത് ബീവി, കോലിയക്കോട് മഹേന്ദ്രൻ, നേതാജിപുരം അജിത്ത്, അഡ്വ.സജിത് തുടങ്ങിയവർ പങ്കെടുത്തു.

## വിശാഖപട്ടണം ശാന്തിഗിരി ഹോസ്പിറ്റൽ ജനുവരി 27ന് ഉദ്ഘാടനം ചെയ്യും

**വിശാഖപട്ടണം:** കഴിഞ്ഞ 17 വർഷമായി വിശാഖപട്ടത്ത് പ്രവർത്തിച്ചുവരുന്ന ശാന്തിഗിരി ആയുർവേദ & സിദ്ധ ഹോസ്പിറ്റൽ പുതിയ കെട്ടിടത്തിൽ ജനുവരി 27 മുതൽ ഇൻപേഷ്യന്റ് സൗര്യങ്ങളോടെ ആരംഭിക്കും. ആന്ധ്രാപ്രദേശ് വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഗണ്ടാ ശ്രീനിവാസറാവു ഉദ്ഘാടനം ചെയ്യും. കുടുംബാരോഗ്യ ക്ഷേമ വകുപ്പ് മന്ത്രി കിഡാരി ശ്രവൺകുമാർ മുഖ്യാതിഥിയായി പങ്കെടുക്കും. വിശാഖപട്ടണം എം.പി. കെ.ഹരിബാബു അദ്ധ്യക്ഷനാകുന്ന ചടങ്ങിൽ വിഷ്ണുകുമാർ രാജു എം.എൽ.എ, സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി, സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വി, വിജയവാഡ ആയുഷ് കമ്മീഷണർ പി.എ.ശോഭ ഐ.എ.എസ്, എന്നിവർ പങ്കെടുക്കും.

## യോഗ : പുതിയ ബാച്ച് ആരംഭിക്കുന്നു

**ശാന്തിഗിരി ജംഗ്ഷൻ:** ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യോഗയുടെ ആഭിമുഖ്യത്തിൽ പുതിയ ബാച്ച് യോഗ ക്ലാസ്സുകൾ ഫെബ്രുവരി ആദ്യവാരം മുതൽ ആരംഭിക്കുന്നു. സ്ത്രീകൾക്കും കുട്ടികൾക്കും മുതിർന്ന പൗരൻമാർക്കുമായി പകൽ സമയത്താണ് ക്ലാസ്സുകൾ നടത്തുന്നത്. തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 10 മുതൽ 11 വരെയും 11.30 മുതൽ 12.30 വരെയും വൈകുന്നേരം 3 മണി മുതൽ 4 മണി വരെയും ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്. മോഹനം ഒപ്റ്റിക്കൽസിനോട് ചേർന്നുള്ള കെട്ടിടത്തിലാണ് ക്ലാസ്സുകൾ തുടങ്ങുന്നത്. വിവരങ്ങൾക്കായി ബന്ധപ്പെടുക: 9249439022.

## ദിവംഗതരായി



*രാഘവൻ വി.*

**സ്നേഹപുരം:** സ്വാമി ജനതീർത്ഥൻ ജ്ഞാനതപസ്വിയുടെ പിതാവ് ശാന്തിഗിരി സ്നേഹപുരം നന്മ മന്ദിരത്തിൽ രാഘവൻ വി. ജനുവരി 20ന് ദിവംഗതനായി. സംസ്കാരം നടന്നു. ഭാര്യ: പങ്കജ കെ., മകൾ: ജീന വി. (ശാന്തിഗിരി ആശ്രമം ഇൻഡസ്ട്രീസ് ഡിപ്പാർട്ട്മെന്റ്) മരുമകൻ: സുനിൽ കുമാർ ഒ.ബി., (ശാന്തിഗിരി ഫ്യുവൽസ്).



*വി. ശാരദ*

**ആനന്ദപുരം:** ശാന്തിഗിരി ആനന്ദപുരം ഗുരുമന്ദിരം ഭവനത്തിൽ വി.ശാരദ (88) ജനുവരി 22ന് ദിവംഗതയായി. ജനനി ജഗദംബിക ജ്ഞാനതപസ്വിനിയുടെ അമ്മൂമ്മയാണ്. സംസ്കാരം നടന്നു. മക്കൾ : കെ.രത്നകുമാരി, കെ. പ്രസന്ന, കെ. ചന്ദ്രിക, കെ.സുദർശനൻ, കെ. ചിത്രലേഖ, എസ്.മോളി, ദിവംഗതരായ കെ.സുധാകരൻ, കെ. സാംബശിവൻ, കെ. അനിൽ കുമാർ. മരുമക്കൾ : വിജയകുമാർ എൻ., സുരേന്ദ്രൻ എം., ദിവംഗതനായ എസ്. പ്രഭാകരൻ, ബീന എസ്., ബാലകൃഷ്ണൻ എൻ., വസിഷ്ഠൻ പി.



*ഭുവനദാസൻ ജി.*

**ചിറ്റയം:** പനയം പാമ്പാലിൽ വീട്ടിൽ ജി. ഭുവനദാസൻ (79) ജനുവരി 18ന് ദിവംഗതനായി. ശാന്തിഗിരി ആശ്രമം, അഹമ്മദാബാദ് റീജ്യണൽ ഓഫീസിൽ അഡ്മിഷണൽ മാനേജരായ ജെ. ഉദയമ്മയുടെ പിതാവാണ്. സംസ്കാരം നടന്നു. ഭാര്യ: ജനക.

മറ്റുമക്കൾ : ജെ.ഉമയമ്മ, ലീലാ തങ്കച്ചി മരുമക്കൾ: അനിൽകുമാർ, ജയകുമാർ, സുരേഷ്

# 'ശാന്തിഗിരി ആശ്രമം വഴിയും പൊരുളും' മന്ത്രി കടന്നപ്പള്ളി പ്രകാശനം ചെയ്യും




**നെടുമങ്ങാട്:** അനിൽ ചേർത്തല രചിച്ച് വിൻകോ ബുക്സ് പ്രസാധനം ചെയ്യുന്ന 'ശാന്തിഗിരി ആശ്രമം വഴിയും പൊരുളും' എന്ന പുസ്തകത്തിന്റെ പ്രകാശനം ഫെബ്രുവരി 12ന് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ ഡോ.ജോർജ്ജ് ഓണക്കൂറിന് നൽകി നിർവ്വഹിക്കും. പൂജിതപീഠം സമർപ്പണം വാർഷികത്തോടനുബന്ധിച്ച് നടക്കുന്ന നെടുമങ്ങാട് ഏരിയ സമ്മേളനത്തിൽ വച്ചാണ് പുസ്തക പ്രകാശനം.

ആദ്യമായി ആശ്രമത്തെക്കുറിച്ച് കേൾക്കുന്ന ഒരാൾക്ക് ഗുരുവിനെക്കുറിച്ചും ആശ്രമത്തിന്റെ പിൽക്കാല ചരിത്രത്തെക്കുറിച്ചും മനസ്സിലാക്കാൻ ഉതകുന്നവിധത്തിൽ വളരെ ലളിതമായാണ് പുസ്തകത്തിന്റെ ഉള്ളടക്കം. ഗുരുവിന്റെ ജന്മസൂചകമായ പ്രവചനങ്ങൾ, ജന്മദൗത്യം, ജീവിതവഴിത്താരകൾ, അഭിവന്ദ്യശിഷ്യപൂജിത, ശാന്തിഗിരിയിലെ ഗുരുപൂജ, കുംഭമേള തുടങ്ങിയ വിഷയങ്ങൾ 15 അദ്ധ്യായങ്ങളിലായി പുസ്തകത്തിൽ ചേർത്തിരിക്കുന്നു. ഒ.വി.വിജയൻ, ജനനി സുപഥ ജ്ഞാനതപസ്വിനി, ഡോ. ജോർജ് ഓണക്കൂർ, കാർലോസ് ഗുസ്മാൻ, രവീന്ദ്രൻ ചേർത്തല, സനൽകുമാർ കോഴിക്കോട്, സരസ്സമ്മ കെ.കെ. തുടങ്ങിയവരുടെ അനുഭവസാക്ഷ്യങ്ങളും ഇതിലുൾപ്പെടുത്തിയിട്ടുണ്ട്. ശാന്തിഗിരിയുടെ മുഖമുദ്രകളായ അന്നദാനം, ആതുരസേവനം, ആത്മബോധനം എന്നിവയുടെ തുടക്കവും വളർച്ചയും പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ഡോ.ജോർജ് ഓണക്കൂറാണ് അവതാരിക എഴുതിയത്.

പുസ്തകം പ്രസിദ്ധീകരിക്കുന്നതിനിടയായ സാഹചര്യത്തെക്കുറിച്ച് വിൻകോ ബുക്സ് എം.ഡി. പ്രൊഫ. സാബിൻ ജോൺ പറയുന്നു "ഒരിക്കൽ അനിൽ ചേർത്തലയുടെ ക്ഷണം സ്വീകരിച്ചാണ് ശാന്തിഗിരി ആശ്രമം സന്ദർശിക്കുവാൻ എനിക്ക് അവസരമുണ്ടായത്. ഞാൻ ഇന്ത്യയിലെയും വിദേശ രാജ്യങ്ങളിൽ പലയിടത്തുമുള്ള ആത്മീയകേന്ദ്രങ്ങളും സന്ദർശിച്ചിട്ടുണ്ട് അവിടെ നിന്നൊന്നും ലഭിക്കാത്ത അനുഭൂതിദായകമായ ഒരു ഊർജ്ജമാണ് എനിക്ക് ശാന്തിഗിരിയുടെ ആശ്രമാങ്കണത്തിൽ നിന്നും ലഭ്യമായത്. ഇത്രയും മഹത്തായ ഒരു പ്രസ്ഥാനത്തെക്കുറിച്ചും ഗുരുവിനെക്കുറിച്ചും എന്നാൽകഴിയുംവിധം ലോകത്തെ അറിയിക്കണമെന്ന ചിന്ത എന്നെ പിന്തുടർന്നു. ആ ചിന്തയുടെ പരിണിതഫലമാണ് ഈ പുസ്തകം. ശാന്തിഗിരി ആശ്രമം വഴിയും പൊരുളുമെന്ന ഈ പുസ്തകം പ്രസിദ്ധീകരിക്കുവാൻ അവസരം ലഭിച്ചത് ഗുരുവിന്റെ കാരുണ്യമായി ഞാൻ കരുതുന്നു." ഇംഗ്ലീഷ് ഉൾപ്പെടെ വിവിധ ഭാഷകളിലേക്ക് ഈ പുസ്തകം പരിഭാഷപ്പെടുത്താനും വിൻകോ ബുക്സ് ഡയറക്ടർ ബോർഡ് തീരുമാനം എടുത്തിട്ടുണ്ട്.



നല്ലചിത്തൻ ജി

## വീണ്ടും ഒന്നാം റാങ്കുമായി നല്ലചിത്തൻ

**എഡ്യൂക്കേഷൻ സോൺ:** നാഷണൽ ടീച്ചേഴ്സ് കൗൺസിൽ സംഘടിപ്പിച്ച ആൾ ഇന്ത്യ ടാലന്റ് സെർച്ച് പരീക്ഷയിൽ വീണ്ടും ഒന്നാം റാങ്ക് നല്ലചിത്തൻ ജി. കരസ്ഥമാക്കി. ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിലെ ആറാം ക്ലാസ്സ് വിദ്യാർത്ഥിയാണ്. കഴിഞ്ഞ വർഷവും ഈ പരീക്ഷയിൽ ഒന്നാം റാങ്ക് നല്ലചിത്തനായിരുന്നു. ശാന്തിപുരം യൂണിറ്റ് ശാന്തിപ്രഭയിൽ ഡോ. കെ.ഗോപിനാഥൻ പിള്ളയുടേയും എസ്. രമയുടേയും മകനാണ്.


ഗുരുചരണം ശരണം
അഖണ്ഡാവ്യക്തരൂപായ
നിർഗുണായ ഗുണാത്മനേ
സമസ്ത ജഗദാധാര-
മൂർത്തയേ ബ്രഹ്മണേ നമഃ

ബി.രാജേന്ദ്രൻ
ലളിത രാജേന്ദ്രൻ
ശാന്തിഭവൻ
ശാന്തിഗിരി.പി.ഒ., തിരുവനന്തപുരം
ഫോൺ : 9387354515
പ്രിയ ആത്മബന്ധോ,
ഗുരുകാരുണ്യത്തിന്റെ നിറവിൽ
ഞങ്ങളുടെ മകൾ
കരുണലത.ആർ വിവാഹിതയാവുകയാണ്
ആലപ്പുഴ ചേർത്തല തണ്ണീർമുക്കം ഗുരുപ്രഭയിൽ
ശ്രീ ഇ.കെ. ശശിധരന്റെയും
ശ്രീമതി കെ.എൻ.രാധാമണിയുടെയും
മകൻ ശരത്‌ലാൽ പി. എസ് ആണ് വരൻ.
വിവാഹസുദിനം : 2019 ജനുവരി 30 ബുധൻ (1194 മകരം 16)
മുഹൂർത്തം : പകൽ 10.00 നും 12.00 നും മദ്ധ്യേ
വിവാഹവേദി : ശാന്തിഗിരി ആശ്രമം,
പോത്തൻകോട്, തിരുവനന്തപുരം
ധർമ്മാനുസൃതം നടത്തുന്ന പ്രസ്തുത മംഗളകർമ്മം
താങ്കളുടെയും കുടുംബത്തിന്റെയും മഹനീയ സാന്നിദ്ധ്യവും
പ്രാർത്ഥനയും കൊണ്ട് ധന്യമാക്കുവാൻ
ഗുരുനാമത്തിൽ സാദരം ക്ഷണിച്ചു കൊള്ളുന്നു.
ഗുരുസ്മരണയോടെ,
ബി.രാജേന്ദ്രൻ
ലളിത രാജേന്ദ്രൻ
ഉപചാരപൂർവ്വം : ബന്ധുമിത്രാദികൾ
ദയവായി ഉപഹാരങ്ങൾ
ഒഴിവാക്കുക.



അഗ്രിഫെസ്റ്റ് വിജയികളായ ശാന്തിഗിരി വിദ്യാഭവൻ വിദ്യാർത്ഥികൾ

## സംസ്ഥാന സ്കൂൾ അഗ്രിഫെസ്റ്റിൽ സുവർണ നേട്ടവുമായി ശാന്തിഗിരി വിദ്യാഭവൻ

**പാലക്കാട്:** സംസ്ഥാന സ്കൂൾ അഗ്രിഫെസ്റ്റിൽ ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിന് ഉജ്ജ്വലവിജയം. പാലക്കാട് മറിയുമ്മ മെമ്മോറിയൽ പബ്ലിക് സ്കൂളിൽ നടന്നമത്സരങ്ങളിലാണ് വിദ്യാർത്ഥികൾ വിജയം കൊയ്തത്. പ്രോജക്ട് പ്രസന്റേഷനിൽ അനന്തകൃഷ്ണൻ എം., ദേവു എസ്.എസ്., ഗൗരിശങ്കർ, നന്ദാ ഗോപൻ എന്നിവരടങ്ങിയ സംഘം ഒന്നാം സ്ഥാനം നേടി. നാടോടി നൃത്തത്തിൽ സഹോദരിമാരായ നന്ദന മനോജ്, നയന മനോജ് എന്നിവർ ഒന്നാം സമ്മാനം പങ്കിട്ടു. ക്വിസ് മത്സരത്തിൽ കിരൺ പി., അനന്തകൃഷ്ണൻ എം. എന്നിവർ മൂന്നാം സ്ഥാനം നേടി. ഫൈനലിൽ ടൈബ്രേക്കറിലാണ് മൂന്നാം സ്ഥാനം ലഭിച്ചത്. അഗ്രിഫെസ്റ്റ് സമാപന സമ്മേളനം ഉദ്ഘാടനം ജലവിഭവ വകുപ്പ് മന്ത്രി കെ.കൃഷ്ണൻ കുട്ടി നിർവ്വഹിച്ചു.




ഈ ലോകം.. ഇവിടെ ചില മനുഷ്യർ

വാമനപുരം മണി





Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala